# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3992 25.06.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

| | ചോദ്യം<br><br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br><br>ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
|---|---|---|---|
| എ) | നിർധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ മാതാപിതാക്കൾക്കാണ് വിവാഹ ധനസഹായം 75,000/- രൂപ നൽകി വരുന്നത്. ടി ധനസഹായം ലഭിക്കുന്നതിനായി ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പാസ്സാക്കി തുക അനുവദിക്കാത്തത് മൂലം ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി നിലവിലെത്രയാണ്; അത് ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ; | (സി) | വരുമാനപരിധി നിലവിൽ 1,00,000/- രൂപയാണ്. തുക ഉയർത്തുന്ന കാര്യം തല്ക്കാലം പരിഗണനയിലില്ല. |
| ഡി) | അർഹരായവർക്ക് ധനസഹായം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | അനുവദിക്കപ്പെടുന്ന ധനസഹായം കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. അർഹരായവരെ ധനസഹായവിവരം അറിയിക്കുവാൻ എസ് സി പ്രമോട്ടർമാർ മുഖേന നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**